## മധുരമായ കുട്ടികളേ- ഏത് അച്ഛനെയാണോ നിങ്ങൾ അരക്കല്പം ഓർമ്മിച്ചത്, ഇപ്പോൾ ആ അച്ഛന്റെ ആജ്ഞ ലഭിച്ചിരിക്കുകയാണ്, ആ ആജ്ഞയെ നിങ്ങൾ പാലിക്കൂ, ഇതിലൂടെ നിങ്ങളുടെ ഉയരുന്ന കലയുണ്ടാകും.

**ചോദ്യം:-** നിങ്ങൾ കുട്ടികൾക്ക് നിങ്ങളുടെ സ്വഭാവ ശുദ്ധീകരണം സ്വയം തന്നെ ചെയ്യേണ്ടതുണ്ട്, എങ്ങിനെ?

**ഉത്തരം:-** ഒരു ബാബയുടെ ഓർമ്മയിലിരിക്കുന്നതിലൂടെയും യജ്ഞ സേവനം ചെയ്യുന്നതിലൂടെയും സ്വഭാവ ശുദ്ധീകരണം നടക്കുന്നു എന്തുകൊണ്ടെന്നാൽ ഓർമ്മയിലിരിക്കുന്നതിലൂടെ ആത്മാവ് നിരോഗിയാകുകയും സേവനത്തിലൂടെ അപാര സന്തോഷം ലഭിക്കുകയും ചെയ്യുന്നു. ആരാണോ ഓർമ്മയിലും സേവനത്തിലും ബിസിയായിരിക്കുന്നത് അവരുടെ സ്വഭാവ ശുദ്ധീകരണം നടന്നകൊണ്ടിരിക്കുന്നു.

**ഗീതം:-** നീ രാത്രി ഉറങ്ങി നഷ്ടപ്പെടുത്തി . . . . .

**ഓം ശാന്തി.** കുട്ടികൾ പാട്ടുകേട്ടുവല്ലോ. മാലകൾ കറക്കിക്കറക്കി യുഗം കഴിഞ്ഞു. എത്ര യുഗം? രണ്ടു യുഗങ്ങൾ. സത്യയുഗത്തിലും ത്രേതായുഗത്തിലും ആരും മാല കറക്കുന്നില്ല. ആരുടേയും ബുദ്ധിയിലില്ല നാം ഉയർന്നതിലും ഉയർന്നതായി പിന്നെ താഴോട്ടു വരുന്നുവെന്ന്. ഇപ്പോൾ നമ്മുടെ ഉയരുന്ന കലയാണ്. നമ്മുടെ അർത്ഥം ഭാരതത്തിന്റെ. ഭാരതത്തിന്റെ എത്രയും ഉയർന്ന കലയും താഴ്ന്ന കലയും ഉണ്ടാകുന്നുവോ അത്ര വേറെ ആരുടേയുമുണ്ടാകുന്നില്ല. ഭാരതം തന്നെയാണ് ശ്രേഷ്ഠാചാരിയും ഭാരതം തന്നെയാണ് ഭ്രഷ്ടാചാരിയുമായി മാറുന്നത്. ഭാരതം തന്നെ നിർവികാരിയും ഭാരതം തന്നെ വികാരിയും. മറ്റു ഭൂഖണ്ഡങ്ങളോടോ ധർമ്മങ്ങളോടോ ഇത്രയും ബന്ധമില്ല. ബാബ സ്വർഗ്ഗത്തിലേക്ക് വരുന്നല്ല. ഭാരതവാസികളുടെ തന്നെ ചിത്രമാണ്. ശരിക്കും രാജ്യം ഭരിച്ചിരുന്നു. അപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു, നിങ്ങൾക്കിപ്പോൾ ഉയരുന്ന കലയാണ്. ആരുടെ കയ്യാണോ പിടിച്ചിരിക്കുന്നത് അദ്ദേഹം നിങ്ങളെ കൂടെ കൊണ്ടുപോകും. ഓരോ ഭാരത വാസിയുടേയും ഉയരുന്ന കലയാണ്. മുക്തിയിൽപ്പോയി പിന്നീട് ജീവൻമുക്തിയിൽ വരുന്നു. അരക്കല്പം ദേവീ-ദേവതകളുടെ രാജ്യം നടക്കുന്നു. 21 തലമുറ നടക്കുന്നു, പിന്നീട് താഴ്ന്ന കലയായി മാറുന്നു. പറയാറുണ്ട് നിങ്ങളുടെ ഉയരുന്ന കലയാൽ സർവ്വരുടേയും ഉയർച്ചയുണ്ടാകുന്നു. ഇപ്പോൾ സർവ്വരുടേയും നന്മയുണ്ടാകുകയാണല്ലോ. എന്നാൽ ഉയർന്ന കലയിലും താഴ്ന്ന കലയിലും നിങ്ങളാണ് വരുന്നത്. ഈ സമയത്ത് ഭാരതത്തെപ്പോലെ കടമെടുക്കുന്നവർ വേറെ ആരും തന്നെയില്ല. കുട്ടികൾക്കറിയാം നമ്മുടെ ഭാരതം സ്വർണ്ണ പക്ഷിയായിരുന്നു. വളരെ സമ്പന്നമായിരുന്നു. ഇപ്പോൾ ഭാരതത്തിന്റെ ഇറങ്ങുന്ന കല പൂർത്തിയായിരിക്കുകയാണ്. വിദ്വാന്മാർ മുതലായവർ കരുതുകയാണ് കലിയുഗത്തിന്റെ ആയുസ്സ് ഇനിയും നാല്പതിനായിരം വർഷം നടക്കാനുണ്ട്. തികച്ചും ഘോരമായ ഇരുട്ടിലാണ്. വളരെ യുക്തിയോടുകൂടി പറഞ്ഞുകൊടുക്കണം. ആദ്യമാദ്യം രണ്ടച്ഛന്റെ പരിചയം നൽകണം. ഭഗവാനുവാചയാണ്, ഗീത സർവ്വരുടേയും അമ്മയാണ്. ഗീതയിൽ നിന്നാണ് സമ്പത്ത് ലഭിക്കുന്നത്, ബാക്കിയെല്ലാം (ശാസ്ത്ര-പുരാണങ്ങൾ) അതിന്റെ കുട്ടികളാണ്. മക്കളിൽ നിന്ന് സമ്പത്ത് ലഭിക്കുകയില്ല. നിങ്ങൾ കുട്ടികൾക്ക് ഗീതയിൽ നിന്നാണ് സമ്പത്ത് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഗീതാ മാതാവിന്റെ പിതാവുമുണ്ടാകുല്ലോ. ബൈബിൾ മുതലായതിനെയൊന്നും മാതാവെന്നു പറയുകയില്ല. ആയതുകൊണ്ട് എറ്റവും ഒന്നാമതായി ചോദിക്കേണ്ടത്, പരംപിതാ പരമാത്മാവുമായി നിങ്ങളുടെ ബന്ധമെന്താണ്? എല്ലാവരുടേയും അച്ഛൻ ഒന്നാണല്ലോ. എല്ലാ ആത്മാക്കളും സഹോദരങ്ങളാണല്ലോ. ഒരച്ഛന്റെ മക്കൾ. ബാബ മനുഷ്യ സൃഷ്ടി ബ്രഹ്മാവിലൂടെ രചിക്കുന്നു, അങ്ങിനെയാണെങ്കിൽ നിങ്ങൾ പരസ്പരം സഹോദരീ-സഹോദരന്മാരാണ്. എങ്കിൽ തീർച്ചയായും പവിത്രമായിരിക്കുന്നുമുണ്ടാകുമല്ലോ. പതിത പാവനനായ ബാബ വന്നാണ് നിങ്ങളെ പാവനമാക്കി മാറ്റുന്നത്, യുക്തിയോടെ. കുട്ടികൾക്കറിയാം പവിത്രമായിരുന്നാൽ പവിത്ര ലോകത്തിന്റെ അധികാരയായിമാറും. വളരെ വലിയ സമ്പാദ്യമാണ്. ഏതു മടയനാണുണ്ടാകുക -21 ജന്മത്തെ രാജ്യഭാഗ്യമെടുക്കുന്നതിന് പവിത്രമായിരിക്കാതെ. മാത്രമല്ല, ശ്രീമതവും ലഭിക്കുകയാണ്. ഏത് അച്ഛനെയാണോ അരക്കല്പം ഓർമ്മിച്ചത്, ആ ബാബയുടെ ആജ്ഞ നിങ്ങൾ മാനിക്കില്ലേ! ബാബയുടെ ആജ്ഞ പ്രകാരം നിങ്ങൾ നടക്കുന്നില്ലായെങ്കിൽ നിങ്ങൾ പാപാത്മാക്കളായി മാറും. ഈ ലോകം തന്നെ പാപാത്മാക്കളുടെയാണ്. രാമരാജ്യം പുണ്യാത്മാക്കളുടെ ലോകമായിരിന്നു. ഇപ്പോൾ രാവണ രാജ്യം പാപാത്മാക്കളുടെ ലോകമാണ്. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ഉയർന്ന കലയാണ്. നിങ്ങൾ വിശ്വത്തിന്റെ അധികാരികളായി മാറുന്നു. എത്ര ഗുപ്തമായാണിരിക്കുന്നത്. കേവലം ബാബയെ

മാത്രം ഓർമ്മിക്കണം. മാല മുതലായത് കറക്കേണ്ട കാര്യമൊന്നുമില്ല. ബാബയുടെ ഓർമ്മയിലിരുന്നുകൊണ്ട് നിങ്ങൾ ജോലിചെയ്യൂ. ബാബാ, അങ്ങയുടെ യജ്ഞത്തിന്റെ സ്ഥൂലവും സൂക്ഷ്മവുമായ സേവനങ്ങൾ രണ്ടും ഞങ്ങൾ ഒന്നിച്ച് ചെയ്യുകയാണ്. ബാബ ആജ്ഞ നല്കിയിരിക്കുകയാണ് ഇങ്ങിനെ ഓർമ്മിക്കൂ. സ്വഭാവ ശുദ്ധീകരണം ചെയ്യിപ്പിക്കുകയാണല്ലോ. നിങ്ങളുടെ ആത്മാവ് ശുദ്ധമാകുമ്പോൾ ശരീരവും ശുദ്ധമാകും. കേവലം ബാബയുടെ ഓർമ്മയിലൂടെ മാത്രമേ നിങ്ങൾ പതിതരിൽ നിന്ന് പാവനമായി മാറുകയുള്ളൂ. പാവനമായി മാറുകയും യജ്ഞ സേവനം ചെയ്യുകയും ചെയ്യൂ. സേവനം ചെയ്യുന്നതിലൂടെ വളരെയധികം സന്തോഷമുണ്ടാകും. നാം ഇത്രയും സമയം ബാബയുടെ ഓർമ്മയിലിരുന്ന് സ്വയത്തെ നിരോഗിയാക്കിമാറ്റി അഥവാ ഭാരതത്തിന് ശാന്തിയുടെ ദാനം നൽകി. ശ്രീമത പ്രകാരം നിങ്ങൾ ഭാരതത്തിന് ശാന്തിയുടേയും സുഖത്തിന്റേയും ദാനം നൽകുകയാണ്. ലോകത്തിൽ അനേക ആശ്രമങ്ങളുണ്ട്. എന്നാൽ അവിടെ ഒന്നും തന്നെയില്ല. അവർക്കിതറിയുകയില്ല അതായത് 21 ജന്മം സ്വർഗ്ഗത്തിന്റെ രാജ്യം എങ്ങിനെ പ്രാപ്തമാക്കാം.

നിങ്ങളിപ്പോൾ രാജയോഗത്തിന്റെ പഠനം ചെയ്യുകയാണ്. അവരും പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട് *ഗോഡ് ഫാദർ* വന്നു കഴിഞ്ഞെന്ന്. തീർച്ചയായും എവിടെയെങ്കിലും ഉണ്ടായിരിക്കും. അത് തീർച്ചയായും ഉണ്ടാകുമല്ലോ. വിനാശത്തിനുവേണ്ടി ബോംബുകളും കണ്ടുപിടിച്ചു കഴിഞ്ഞു. തീർച്ചയായും ബാബ തന്നെയായിരിക്കും സ്വർഗ്ഗത്തിന്റെ സ്ഥാപനയും നരകത്തിന്റെ വിനാശവും ചെയ്യിപ്പിക്കുന്നത്. ഇത് നരകമാണല്ലോ. എത്ര യുദ്ധങ്ങളും വഴക്കുകൾ മുതലായവയാണുള്ളത്. വളരെയധികം പേടിയുണ്ട്. എങ്ങിനെയാണ് കുട്ടികളെ കൊണ്ടുപോകുന്നത്. എത്ര ഉപദ്രവങ്ങളാണുണ്ടാകുന്നത്. നിങ്ങളിപ്പോൾ മനസ്സിലാക്കുകയാണ് ഈ ലോകം മാറിക്കൊണ്ടിരിക്കുകയാണ്. കലിയുഗം മാറി സത്യയുഗമായിക്കൊണ്ടിരിക്കുകയാണ്. നാം സത്യയുഗത്തിന്റെ സ്ഥാപനക്ക് ബാബയുടെ സഹായികളാണ്. ബ്രാഹ്മണർ തന്നെയാണ് സഹായികളാകുന്നത്. പ്രജാപിതാ ബ്രഹ്മാവിൽ നിന്നാണ് ബ്രാഹ്മണർ ജനിക്കുന്നത്. അവർ ശരീര വംശാവലികളാണ്, നിങ്ങൾ മുഖ വംശാവലികളാണ്. അവർ ഒരിക്കലും ബ്രഹ്മാവിന്റെ സന്താനങ്ങളല്ല. നിങ്ങളെ ദത്തെടുത്തിരിക്കുകയാണ്. നിങ്ങൾ ബ്രാഹ്മണർ ബ്രഹ്മാവിന്റെ കുട്ടികളാണ്. പ്രജാപിതാ ബ്രഹ്മാവ് സംഗമയുഗത്തിലേ ഉണ്ടാവുകയുള്ളൂ. ബ്രാഹ്മണരിൽ നിന്നാണ് ദേവി-ദേവതകളുണ്ടാകുന്നത്. നിങ്ങൾക്ക് ആ ബ്രാഹ്മണർക്കും പറഞ്ഞുകൊടുക്കാൻ കഴിയും അതായത് അവർ ശരീര വംശാവലികളാണെന്ന്. പറയാറുണ്ട് ബ്രാഹ്മണ-ദേവി-ദേവതായ നമഃ. ബ്രാഹ്മണർക്കും നമസ്തേ, ദേവീ-ദേവതകൾക്കും നമസ്തേ. ബ്രാഹ്മണരോട് നമസ്തേ പറയണമെങ്കിൽ അവർ ഇപ്പോളുണ്ടായിരിക്കണം. അവർ മനസ്സിലാക്കുന്നു ഈ ബ്രാഹ്മണർ ശരീരം-മനസ്സ്-ധനം കൊണ്ട് ബാബയുടെ ശ്രീമത പ്രകാരം നടക്കുന്നു. ആ ബ്രാഹ്മണർ ശാരീരീക യാത്രകളിൽ കൊണ്ടുപോകുന്നു. നിങ്ങളുടേത് ആത്മീയ യാത്രയാണ്. നിങ്ങളുടെ യാത്ര എത്ര മധുരമാണ്. ആ ശാരീരിക യാത്രകൾ അനേകമുണ്ട്. ഗുരുക്കന്മാരും അനേകമുണ്ട്. നിങ്ങളിപ്പോൾ മനസ്സിലാക്കുകയാണ് നാം മധുരമായ ശിവബാബയുടെ മതപ്രകാരം നടന്ന്, ബാബയിൽ നിന്ന് സമ്പത്തെടുത്തുകൊണ്ടിരിക്കുകയാണ് ബ്രഹ്മാവ് മുഖേന. സമ്പത്ത് ശിവബാബയിൽ നിന്നാണ് ലഭിക്കുന്നത്. നിങ്ങളിവിടെ വരുമ്പോൾ ഉടനെ ചോദിക്കുന്നു-ആരുടെ പക്കലാണ് വന്നിരിക്കുന്നത്? ബുദ്ധിയിലുണ്ട് ഇത് ശിവബാബയുടെ കടമെടുക്കപ്പെട്ട രഥമാണ്. നാം അദ്ദേഹത്തിന്റെ പക്കലേക്ക് പോകുന്നു. വിവാഹ നിശ്ചയം ബ്രാഹ്മണരാണ് ചെയ്യിപ്പിക്കുന്നത് എന്നാൽ ബന്ധം പതി-പത്നിമാർ തമ്മിലാണ്, അല്ലാതെ നിശ്ചയംചെയ്യിപ്പിക്കുന്ന ബ്രാഹ്മണനോടല്ല. സ്ത്രീ പതിയെയാണ് ഓർമ്മിക്കുന്നത്, അതോ വിവാഹം കഴിപ്പിക്കുന്ന ആളെയാണോ? നിങ്ങളുടെ പതിയാണ് ശിവൻ. പിന്നെയെന്തിനാണ് നിങ്ങൾ മറ്റ് ദേഹധാരികളെ ഓർമ്മിക്കുന്നത്? ശിവനെയാണ് ഓർമ്മിക്കേണ്ടത്. ഈ ലോക്കറ്റ് മുതലായവ ബാബ ഉണ്ടാക്കിപ്പിച്ചിരിക്കുന്നത് മനസ്സിലാക്കിക്കാൻ വേണ്ടിയാണ്. ബാബ സ്വയം ദല്ലാളായി *എൻഗേജ്മെന്റ്* ചെയ്യിപ്പിക്കുന്നു. അതുകൊണ്ട് ദല്ലാളിനെ ഓർമ്മിക്കേണ്ട. പ്രിയതമകളുടെ യോഗം പ്രിയതമനുമായിട്ടാണ്. മമ്മയും ബാബയും വന്ന് നിങ്ങൾ കുട്ടികളിലൂടെ മുരളി കേൾപ്പിക്കാറുണ്ട്, ബാബ പറയുന്നു, ഇങ്ങിനെ വളരെ കുട്ടികളുണ്ട് അവരുടെ ഭ്രൂമദ്ധ്യത്തിലിരുന്ന് ഞാൻ മുരളി കേൾപ്പിക്കാറുണ്ട് - മംഗളം ചെയ്യുന്നതിനുവേണ്ടി. ചിലർക്ക് സാക്ഷാൽക്കാരം നൽകാനും, മുരളി കേൾപ്പിക്കാനും, ചിലരുടെ മംഗളം ചെയ്യാനും ഞാൻ വരുന്നു. ബ്രാഹ്മണിമാർക്ക് അത്രയും ശക്തിയില്ല, ഇദ്ദേഹത്തെ ഈ ബ്രാഹ്മണിക്ക് കൈകാര്യം ചെയ്യാൻ കഴിയുകയില്ല എന്ന് തോന്നുമ്പോൾ ഞാൻ ഇങ്ങിനെയുള്ള അമ്പ് തൊടുക്കുന്നു അത് ബ്രാഹ്മണിമാരെക്കാളും തീക്ഷ്ണമാകാൻ വേണ്ടി. ബ്രാഹ്മണി കരുതുകയാണ് ഞാൻ ഇദ്ദേഹത്തിനെ പറഞ്ഞു മനസ്സിലാക്കിയെന്ന്. ദേഹാഭിമാനത്തിൽ വരുന്നു. വാസ്തവത്തിൽ ഈ അഹങ്കാരവും വരാൻ പാടില്ല. എല്ലാം ശിവബാബയാണ് ചെയ്യുന്നത്. ഇവിടെ നിങ്ങളോടു പറയുകയാണ് ശിവബാബയെ ഓർമ്മിക്കൂ. ശിവബാബയുമായി ബന്ധം ഉണ്ടായിരിക്കണം. ഇദ്ദേഹമാണെങ്കിൽ ഇടയിലുള്ള ദല്ലാളാണ്, ഇദ്ദേഹത്തിന് അതിന്റെ ഫലവും ലഭിക്കുന്നു. എന്നാലും ഇത് വളരെ അനുഭവീ ശരീരമാണ്. ഇത് ഒരിക്കലും മാറാൻ കഴിയുകയില്ല. ഇതും

ഡ്രാമയിൽ നിശ്ചയിക്കപ്പെട്ടതാണ്. അടുത്ത കല്പത്തിൽ വേറെ ശരീരത്തിൽ വരും, അങ്ങിനെയല്ല. അല്ല, ആരാണോ അവസാനമുള്ളത് അവർക്കുതന്നെയാണ് ആദ്യം പോകേണ്ടത്. കല്പ വൃക്ഷത്തിൽ നോക്കൂ, അവസാനം നിൽക്കുന്നുണ്ടല്ലോ. ഇപ്പോൾ നിങ്ങൾ സംഗമത്തിലിരിക്കുകയാണ്. ബാബ ഈ പ്രജാപിതാ ബ്രഹ്മാവിൽ പ്രവേശിച്ചിരിക്കുകയാണ്. ജഗദംബയാണ് കാമധേനു, പിന്നെ കപിൽദേവ് എന്നും പറയുന്നുണ്ട്. *കപ്പിൾ* അർത്ഥം ജോഡി, ബാപ്-ദാദ, മാത-പിതാ, ഈ *കപ്പിൾ* ജോഡിയായല്ലോ. മാതാവിൽ നിന്ന് സമ്പത്ത് ലഭിക്കുന്നില്ല. സമ്പത്ത് ശിവബാബയിൽ നിന്നാണ് ലഭിക്കുന്നത്. അതുകൊണ്ട് ശിവബാബയെ ഓർക്കേണ്ടിയിരിക്കുന്നു. ഞാൻ വന്നിരിക്കുകയാണ് നിങ്ങളെ കൊണ്ടു പോകാൻ ഇദ്ദേഹത്തിലൂടെ. ബ്രഹ്മാവും ശിവബാബയെ ഓർമ്മിക്കുന്നു. ശങ്കരനു മുന്നിലും ശിവന്റെ ചിത്രം വെക്കുന്നു. ഇതെല്ലാം മഹിമക്കു വേണ്ടിയാണ്. ഈ സമയത്ത് ശിവബാബ വന്ന് തന്റെ കുട്ടിയാക്കി മാറ്റുന്നു. പിന്നെ നിങ്ങൾ അച്ഛനെ ഇരുന്ന് പൂജിക്കുമോ? അച്ഛൻ വന്ന് കുട്ടികളെ പുഷ്പങ്ങളെപ്പോലെ പവിത്രമാക്കുകയാണ്. ഓടയിൽ നിന്ന് പുറത്തെടുക്കുകയാണ്. പിന്നീട് പ്രതിജ്ഞയും ചെയ്യുന്നു ഒരിക്കലും പതിതമാകുകയില്ലായെന്ന്. ബാബ പറയുകയാണ് മടിത്തട്ടിൽ ഇരുന്ന് പിന്നീട് വികാരത്തിൽ പോകരുത്. അങ്ങിനെ ചെയ്യുകയാണെങ്കിൽ കുലകളങ്കിതരായി മാറും. തോറ്റുപോകുമ്പോൾ ഉസ്താദിന്റെ പേര് മോശമാക്കുകയാണ്. മായയോടു തോറ്റു പോയാൽ പദവി ലഭിക്കുകയില്ല. സന്യാസികൾ മുതലായവരൊന്നും ഈ കാര്യങ്ങൾ പഠിപ്പിക്കുന്നില്ല. ചിലർ ഇങ്ങിനെ പറയാറുണ്ട് മാസത്തിൽ ഒരു പ്രാവശ്യം വികാരത്തിൽ പോയിക്കൊള്ളൂ. ചിലർ പറയുന്നു 6 മാസത്തിൽ ഒരിക്കൽ പോയിക്കൊള്ളൂ. ചിലരാണെങ്കിൽ വളരെ പാപികളാണ്. ബാബക്ക് വളരെയധികം ഗുരുക്കന്മാരുണ്ടായിരുന്നു. അവർ ഒരിക്കലും പവിത്രമായിരിക്കാൻ പറഞ്ഞിരുന്നില്ല. അവർ മനസ്സിലാക്കിയിരുന്നു, അവർക്കേ അങ്ങിനെയിരിക്കൻ കഴയുന്നില്ല. ബുദ്ധിശാലിയായവർ ഉടനെ പറയും നിങ്ങൾക്കും ഇരിക്കാൻ കഴിയുകയില്ല, പിന്നെയെങ്ങിനെ ഞങ്ങളോടു പറയുന്നു. എന്നാലും ചോദിക്കുന്നു, ജനകനെപ്പോലെ സെക്കന്റിൽ ജീവൻ മുക്തിക്കുള്ള വഴി പറഞ്ഞു തരൂ. അപ്പോൾ ഗുരു പറയും ബ്രഹ്മത്തെ ഓർമ്മിക്കൂ, നിങ്ങൾ നിർവാണ ധാമത്തിൽ പോകും. എന്നാൽ ആരും തന്നെ പോകുന്നില്ല, ശക്തിയേയില്ല. എല്ലാ ആത്മാക്കളുടെയും നിവാസ സ്ഥാനമാണ് മൂലവതനം, അവിടെ നാം ആത്മാക്കൾ നക്ഷത്രസമാനം വസിക്കുന്നു. പൂജക്കുവേണ്ടിയാണ് ഇത്ര വലിയ ലിംഗങ്ങളുണ്ടാക്കുന്നത്. ബിന്ദുവിനെ എങ്ങിനെ പൂജിക്കും? പറയുന്നുമുണ്ട് മസ്തകമദ്ധ്യത്തിൽ തിളങ്ങുന്ന നക്ഷത്രം. അങ്ങിനെയാണെങ്കിൽ ആത്മാവിന്റെ അച്ഛനും നക്ഷത്രം പോലെയായിരിക്കുമല്ലോ. ബാബക്ക് ശരീരമില്ല. ആ നക്ഷത്രത്തിന്റെ പൂജ എങ്ങിനെ ചെയ്യാൻ കഴിയും. ബാബയെ പരമാത്മാവ് എന്നാണ് പറയുന്നത്. അദ്ദേഹം അച്ഛനാണ്. ഏതുപോലെ ആത്മാവ് അതേപോലെ പരമാത്മാവും. ബാബ വലിതൊന്നുമല്ല. ബാബയിൽ ഈ ജ്ഞാനമുണ്ട്. ഈ പരിധിയില്ലാത്ത കല്പവൃക്ഷത്തെ വേറെ ആർക്കും അറിയുകയില്ല. ബാബ തന്നെയാണ് *നോളേജ്ഫുൾ*. ജ്ഞാനത്തിലും *ഫുൾ* ആണ്, പവിത്രതയിലും *ഫുൾ* ആണ്. സർവ്വരുടേയും സദ്ഗതി ദാതാവാണ്. സർവ്വർക്കും സുഖ-ശാന്തി നൽകുന്നവനാണ്. നിങ്ങൾ കുട്ടികൾക്ക് എത്ര വലിയ സമ്പത്താണ് ലഭിക്കുന്നത്, വേറെ ആർക്കും ഇങ്ങിനെ ലഭിക്കുന്നില്ല. മനുഷ്യർ ഗുരുക്കന്മാരെ എത്രയാണ് പൂജിക്കുന്നത്. തന്റെ രാജാവിനെപ്പോലും ഇത്ര പൂജിക്കുകയില്ല. അപ്പോൾ, ഇതെല്ലാം അന്ധവിശ്വാസങ്ങളല്ലേ എന്തെല്ലാമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. എല്ലാവരിലും കുറവുകൾ തന്നെ കുറവുകളാണ്. കൃഷ്ണനെ പ്രഭു എന്നും പറയുന്നു, ഭഗവാനെന്നും പറയുന്നു. ഭഗവാൻ കൃഷ്ണനാണ് സ്വർഗ്ഗത്തിലെ ഒന്നാമത്തെ രാജകുമാരൻ, ലക്ഷ്മീ-നാരായണന്മാരെയും പറയുന്നു അവർ രണ്ടുപേരും ഭഗവാനും-ഭഗവതിയുമാണെന്ന്. പലരും പഴയ പഴയ ചിത്രങ്ങളെ വാങ്ങിക്കാറുണ്ട്. പഴയ പഴയ സ്റ്റാമ്പുകളും വിൽക്കുന്നുണ്ടല്ലോ. വാസ്തവത്തിൽ ഏറ്റവും പഴയത് ശിവബാബയാണല്ലോ. എന്നാൽ ഇത് ആർക്കും അറിയുകയില്ല. മുഴുവൻ മഹിമയും ശിവബാബയുടെയാണ്. എന്നാൽ അത് ലഭിക്കുകയില്ല. പഴയതിലും പഴയ വസ്തു ഏതാണ്? നമ്പർവൺ ശിവബാബ. ആർക്കും മനസ്സിലാക്കാൻ കഴിയുകയില്ല നമ്മുടെ അച്ഛൻ ആരാണെന്ന്? അദ്ദേഹത്തിന്റെ പേരും രൂപവുമെന്താണ്? പറയുകയാണ് അദ്ദേഹത്തിന് പേരും രൂപവുമില്ല, അങ്ങിനെയാണെങ്കിൽ ആരെയാണ് പൂജിക്കുന്നത്? ശിവനെന്ന പേരുണ്ടല്ലോ. ദേശവുമുണ്ട്, കാലവുമുണ്ട്. സ്വയം പറയുകയാണ് ഞാൻ സംഗമസമയത്താണ് വരുന്നത്. ആത്മാവ് ശരീരത്തതിലൂടെയാണല്ലോ സംസാരിക്കുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുകയാണ് ശാസ്ത്രങ്ങളിലെത്ര കെട്ടുകഥകളാണെഴുതിവെച്ചിരിക്കുന്നത്, അതുകൊണ്ടാണ് ഇറങ്ങുന്ന കലയുമുണ്ടായത്. ഉയരുന്ന കല സത്യ-ത്രേതായുഗം, ഇറങ്ങും കല ദ്വാപര-കലിയുഗം. ഇപ്പോൾ വീണ്ടും ഉയരുന്ന കലയുണ്ടാകും. ബാബക്കല്ലാതെ വേറെ ആർക്കും ഉയരുന്ന കലയിലേക്ക് കൊണ്ടുപോകാൻ കഴിയുകയില്ല. ഈ കാര്യങ്ങളെല്ലാം ധാരണ ചെയ്യണം. അതുകൊണ്ട് ഏതെങ്കിലും ജോലി മുതലായത് ചെയ്യുമ്പോൾ ഓർമ്മയിലിരിക്കണം, ശ്രീനാഥപുരിയിൽ വായമൂടിക്കെട്ടി ജോലിചെയ്യുന്നതുപോലെ. ശ്രീനാഥനെന്ന് കൃഷ്ണനെയാണല്ലോ പറയുന്നത്. ശ്രീനാഥന് ഭോജനമുണ്ടാക്കുന്നുണ്ടല്ലോ. ശിവബാബയാണെങ്കിൽ ഭോജനം മുതലായവയൊന്നും കഴിക്കുന്നില്ല. നിങ്ങൾ പവിത്ര ഭോജനമുണ്ടാക്കുമ്പോൾ ഓർമ്മയിലിരുന്നുണ്ടാക്കേണ്ടതാണ്, എങ്കിൽ അതിലൂടെ ശക്തി ലഭിക്കും.

കൃഷ്ണന്റെ ലോകത്ത് പോകാൻ വേണ്ടി വ്രതം, നിഷ്ഠ മുതലായവയെടുക്കുന്നു. ഇപ്പോൾ നിങ്ങൾക്കറിയാം നാം കൃഷ്ണ പുരിയിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്, അതുകൊണ്ട് നിങ്ങളെ യോഗ്യരാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ ബാബയെ ഓർമ്മിക്കുകയാണെങ്കിൽ ബാബ ഗ്യാരണ്ടി നൽകുകയാണ് നിങ്ങൾ തീർച്ചയായും കൃഷ്ണപുരിയിൽ പോകും. നിങ്ങൾക്കറിയാം നമ്മൾ നമുക്കുവേണ്ടി കൃഷ്ണപുരി സ്ഥാപിക്കുകയാണ്, പിന്നീട് നമ്മൾ തന്നെ രാജ്യം ഭരിക്കും. ആരാണോ ശ്രീമത പ്രകാരം നടക്കുന്നത് അവർ കൃഷ്ണപുരിയിൽ വരും. ലക്ഷ്മീ-നാരായണനെക്കാൾ കൃഷ്ണന്റെ പേര് പ്രസിദ്ധമാണ്. കൃഷ്ണൻ ചെറിയ കുട്ടിയായതുകൊണ്ട് മഹാത്മാവിന് സമാനമാണ്. ബാല അവസ്ഥ സതോപ്രധാനമാണ് അതുകൊണ്ടാണ് കൃഷ്ണന് അധികം പ്രസിദ്ധി. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) തന്റെ മുഴുവൻ ബന്ധവും ഒരു ശിവബാബയോടായിരിക്കണം. ഒരിക്കലും ഒരു ദേഹധാരിയേയും ഓർമ്മിക്കരുത്. ഒരിക്കലും തന്റെ ഉസ്താദിന്റെ (ബാബയുടെ) പേര് ചീത്തയാക്കരുത്.

2) തന്നിലൂടെ ആരുടെയെങ്കിലും മംഗളമുണ്ടാവുകയാണെങ്കിൽ, ഞാനാണ് ഇവർക്ക് മംഗളം വരുത്തിയത് എന്ന അഹങ്കാരത്തിൽ ഓരിക്കലും വരരുത്. ഇതും ദേഹാഭിമാനമാണ്. ചെയ്യിപ്പിക്കുന്നവനായ ബാബയെ ഓർമ്മിക്കണം.

### വരദാനം:- അമൃതവേളയിൽ മൂന്ന് ബിന്ദുക്കളുടെ തിലകമണിയുന്ന എന്ത്, എന്തുകൊണ്ട് എന്നതിന്റെ ഇളക്കത്തിൽ നിന്ന് മുക്തമായ അചഞ്ചലരും ഇളകാത്തവരുമായി ഭവിക്കൂ

ബാബപ്ദാദ സദാ പറയുന്നു ദിവസവും അമൃതവേളയിൽ മൂന്ന് ബിന്ദുക്കളുടെ തിലകമണിയൂ. താങ്കളും ബിന്ദു, ബാബയും ബിന്ദു എന്ത് സംഭവിച്ചോ, എന്ത് സംഭവിച്ചുകൊണ്ടിരിക്കുന്നോ ഒന്നും പുതിയതല്ല, അതുകൊണ്ട് ഫുൾസ്റ്റോപ്പ് അതും ബിന്ദു. ഈ മൂന്ന് ബിന്ദുക്കളുടെ തിലകം അണിയണം അർത്ഥം സ്മൃതിയിലുണ്ടായിരിക്കണം. പിന്നീട് മുഴുവൻ ദിവസവും അചഞ്ചലരും ഇളകാത്തവരുമായിരിക്കും. എന്തുകൊണ്ട്, എന്ത് എന്നതിന്റെ ഇളക്കം സമാപ്തമാകും. എപ്പോഴാണോ എന്തെങ്കിലും പ്രശ്നമുണ്ടാകുന്നത് അപ്പോൾ തന്നെ ഫുൾസ്റ്റോപ്പിടൂ. ഒന്നും പുതിയതല്ല, സംഭവിക്കേണ്ടിയിരുന്നു, സംഭവിച്ചുകൊണ്ടിരിക്കുന്നു... സാക്ഷിയായി കാണൂ മുന്നേറിക്കൊണ്ടിരിക്കൂ.

### സ്ലോഗൻ:- പരിവർത്തന ശക്തിയിലൂടെ വ്യർത്ഥ സങ്കൽപങ്ങളുടെ കുത്തൊഴുക്കിന്റെ ശക്തി സമാപ്തമാക്കൂ എങ്കിൽ സമർത്ഥമാകും.